പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3018** 20/12/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

# റീസർവ്വേ രേഖകളിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. കെ. അജിത് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേയുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) മുൻ സർവ്വേ മുഖാന്തിരം ലഭ്യമാകുന്ന റെക്കാർഡുകളിലൂടെ സർക്കാർ ഭൂമി സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കി സംരക്ഷിക്കുകയും മൊത്തം ഭൂമികളുടെയും ഇനം, തരം ഇവ തിരിച്ച് ഭൂമി സംബന്ധമായ ക്രയവിക്രയങ്ങളുടേയും മറ്റു കൈമാറ്റങ്ങളുടേയും ഫലമായി വന്നു ചേരുന്ന മാറ്റങ്ങൾ റവന്യൂ റിക്കാർഡുകളിൽ വരുത്തി നാളതീകരിക്കുകയാണ് റീസർവ്വേയുടെ ഉദ്ദേശ്യം. |
| (ബി) റീസർവ്വേയുമായി ബന്ധപ്പെട്ട് ആരംഭിച്ച ഭൂമികേരളം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഭൂമികേരളം പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ 93 വില്ലേജുകളിലായി 3334 ജി.പി.എസ്. കൺട്രോൾ പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൈസേഷൻ സെന്ററുകളിലായി ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. നാളിതുവരെ ഭൂമികേരളം പദ്ധതിയുടെ കീഴിൽ 9 വില്ലേജുകളാണ് റീ-സർവ്വെ ജോലികൾക്കായി ഏറ്റെടുത്തിട്ടുള്ളത്. ആയതിൽ തൃശ്ശൂർ ജില്ലയിലെ പൂങ്കുന്നം വില്ലേജ് റീസർവ്വേ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും, ശേഷിക്കുന്നവയിൽ 6 വില്ലേജുകളുടെ 9(2) പ്രസിദ്ധീകരിച്ച ശേഷമുള്ള നടപടികൾ നടന്നു വരുന്നു. ബാക്കിയുള്ള 2 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ പുരോഗതി ആർജ്ജിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | റീസർവ്വേ ചെയ്തു തയ്യാറാക്കിയ രേഖകളിന്മേൽ എത്ര ആക്ഷേപങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് റീസർവ്വെ പൂർത്തിയാക്കി രേഖകൾ തയ്യാറാക്കിയിട്ടുള്ള 777 വില്ലേജുകളിൽ 2012 നവംബർ മാസം വരെ ആകെ 3,09,336 സർവെ സംബന്ധമായ ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 2,31,676 ആക്ഷേപങ്ങൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി 77,660 എണ്ണം തീർപ്പാക്കാൻ ശേഷിച്ചിട്ടുള്ളതുമാണ്. (ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു).<br><br>31/05/2010 ലെ സ.ഉ.(എം.എസ്) നമ്പർ 200/10/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള എല്ലാ വില്ലേജുകളിലേയും ഭൂപരാതികളും ആക്ഷേപങ്ങളും എൽ.ആർ.എം. ൽ ഉൾപ്പെടുത്തി മേൽ നടപടികൾ സ്വീകരിക്കേണ്ടചുമതല റവന്യൂ വകുപ്പിൽ ഓരോ താലൂക്കിലും ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാർക്ക് അധികാരം നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു. സർവെ വകുപ്പിൽ നിന്ന് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് ശേഷിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വേ ഡയറക്ടറുടെ വീഡിയോ കോൺഫറൻസിംഗിലൂടെ ഓരോ താലൂക്കിലേയും പരാതികളുടെ തീർപ്പ് സംബന്ധിച്ച് വിലയിരുത്തൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സർവെ പരാതി സംബന്ധിച്ച ജില്ല തിരിച്ചുള്ള സ്റ്റേറ്റ്മെന്റ്

| നം. | ജില്ല | ലഭിച്ച പരാതികൾ | തീർപ്പാക്കിയ പരാതികൾ | ശേഷിക്കുന്ന പരാതികൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 50175 | 27098 | 23077 |
| 2 | കൊല്ലം | 44405 | 38922 | 5483 |
| 3 | ആലപ്പുഴ | 31350 | 24813 | 6537 |
| 4 | പത്തനംതിട്ട | 19420 | 15218 | 4202 |
| 5 | കോട്ടയം | 18033 | 15242 | 2791 |
| 6 | എറണാകുളം | 39513 | 31045 | 8468 |
| 7 | തൃശ്ശൂർ | 11643 | 8612 | 3031 |
| 8 | പാലക്കാട് | 24667 | 18997 | 5670 |
| 9 | ഇടുക്കി | 24143 | 11714 | 12429 |
| 10 | മലപ്പുറം | 24737 | 22472 | 2265 |
| 11 | കോഴിക്കോട് | 7168 | 4955 | 2213 |
| 12 | കണ്ണൂർ | 5599 | 5424 | 175 |
| 13 | വയനാട് | 2243 | 1623 | 620 |
| 14 | കാസറഗോഡ് | 6240 | 5541 | 699 |
| | **Total** | **309336** | **231676** | **77660** |